**പതിനാലാം കേരള നിയമസഭ**
**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 189** — **02.03.2020-ൽ മറുപടിയ്ക്ക്**

## കൊറോണ വൈറസ് രോഗ വ്യാപനത്തിനെതിരെയുള്ള മുൻകരുതലുകൾ

**ചോദ്യം**

**ശ്രീ.വി.എസ്.ശിവകുമാർ**

എ) ചൈനയിൽ പടർന്ന് പിടിച്ച കൊറോണ വൈറസ് രോഗം സംസ്ഥാനത്ത് പടർന്ന് പിടിക്കാതിരിക്കുവാൻ ആരോഗ്യവകുപ്പ് സ്വീകരിച്ച മുൻകരുതലുകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

**മറുപടി**

**കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

എ) ചൈനയിൽ കൊറോണ വൈറസ് ബാധ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ലോകാരോഗ്യ സംഘടന, കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം, ദേശീയ പകർച്ചവ്യാധി നിയന്ത്രണ കേന്ദ്രം, IDSP-യും, കേന്ദ്ര രോഗനിരീക്ഷണ യൂണിറ്റ് തുടങ്ങിയവയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അടിയന്തരമായി ജില്ലാ ഓഫീസുകളിലേയ്ക്ക് അയക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. തൃശ്ശൂർ ജില്ലയിൽ ആദ്യ വ്യക്തിക്ക് രോഗം സ്ഥിരീകരിച്ചപ്പോൾതന്നെ ആരോഗ്യ മന്ത്രിയുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ്, കൃഷി, വിദ്യാഭ്യാസം എന്നീ വകുപ്പ് മന്ത്രിമാരും, ഉന്നത ഉദ്യോഗസ്ഥരുടെയും യോഗം തൃശ്ശൂരിൽ നടത്തുകയും ആവശ്യമായ പ്രതിരോധനിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും ചെയ്തു. തുടർന്ന് സംസ്ഥാനതലത്തിൽ ഉന്നതതല യോഗം, ദ്രുതകർമ്മസേനായോഗം, മാധ്യമയോഗം എന്നിവയും നടത്തി. രോഗനിരീക്ഷണം, ചികിത്സ, പ്രതിരോധം, ബോധവൽക്കരണം തുടങ്ങിയവയെപ്പറ്റിയുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി ജില്ലകൾക്കു നൽകി. സംസ്ഥാനത്തിലെ 4 അന്തർദേശീയ വിമാനത്താവളങ്ങളുമായി ഏകോപനമായ പ്രവർത്തനങ്ങൾ ഒരുക്കുകയും സ്ക്രീനിംഗിന് ആവശ്യമായ അധിക സ്റ്റാഫിനെ എയർപോർട്ട് ഹെൽത്ത് ഓഫീസർമാരുടെ ആവശ്യപ്രകാരം നിയോഗിക്കുകയും ചെയ്തു.

വിമാനത്താവളങ്ങളിലും തുറമുഖങ്ങളിലും കൊറോണ വൈറസ് ബാധിത പ്രദേശങ്ങളിൽ നിന്നും എത്തുന്ന യാത്രികരിൽ രോഗലക്ഷണങ്ങൾ ഇല്ലാത്തവരെ 28 ദിവസം വീടുകളിൽ പ്രത്യേകം മാറ്റിപ്പാർപ്പിച്ച് നിരീക്ഷിക്കുവാനും,

രോഗലക്ഷണങ്ങൾ ഉള്ളവരെ ഗവ.മെഡിക്കൽ കോളേജുകൾ, ജില്ലാ/ജനറൽ ആശുപത്രികൾ എന്നിവിടങ്ങളിൽ സജ്ജീകരിക്കപ്പെട്ടിട്ടുള്ള ഐസൊലേഷൻ റൂമുകളിൽ പ്രവേശിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചു. സംസ്ഥാന/ജില്ലാ തലങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ സജ്ജീകരിച്ച് രോഗപ്രതിരോധ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. ജനങ്ങളുടെ സംശയനിവാരണത്തിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്ററുകളും സംസ്ഥാന ജില്ലാ തലങ്ങളിൽ പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ ദിശ കാൾ സെന്റർ വഴിയും സംശയദൂരീകരണം നടത്തുന്നുണ്ട്.

കൊറോണ രോഗം സ്ഥിരീകരിച്ച 3 വ്യക്തികളിൽ നിന്ന് രോഗം പകരാതിരിക്കാൻ ഇവരെ കർശനമായ ഐസൊലേഷൻ നിയന്ത്രണങ്ങൾക്ക് വിധേയമായി തൃശ്ശൂർ, ആലപ്പുഴ, ഗവ.മെഡിക്കൽ കോളേജ്, ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട് എന്നിവിടങ്ങളിൽ അഡ്മിറ്റ് ചെയ്ത് പൂർണ്ണമായി ഭേദപ്പെട്ട് 2 തുടർ പരിശോധന ടെസ്റ്റുകൾ വീതം നടത്തി നെഗറ്റീവ് ആണ് എന്ന് മനസ്സിലാക്കിയതിനുശേഷം മാത്രമാണ് തിരികെ വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നതിനായി ഡിസ്ചാർജ് ചെയ്തത്. ആശുപത്രി പ്രവേശനത്തിന് മുമ്പ് ഇവരോട് അടുത്തിടപഴകിയ വ്യക്തികളെ കണ്ടെത്താൻ വിപുലമായ കോൺടാക്റ്റ് ട്രേസിംഗും നടത്തുകയുണ്ടായി.

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി മരുന്നുകളും, വ്യക്തിഗത സുരക്ഷ ഉപകരണങ്ങളും മറ്റും സംഭരിച്ച് വിതരണം ചെയ്തു. രോഗസ്ഥിരീകരണ നിരീക്ഷണത്തിനായി സാംപിളുകൾ പരിശോധിക്കുന്നതിന് പൂനെയിലെ ദേശീയ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലും ആലപ്പുഴയിലെ വൈറോളജി യൂണിറ്റിലും സൗകര്യം ഒരുക്കിയിട്ടുണ്ട്. ആരോഗ്യപ്രവർത്തകർക്കും പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും പത്ര/ദൃശ്യ/ശ്രവ്യ/സാമൂഹ്യ മാധ്യമങ്ങളിലൂടെയും ആരോഗ്യവകുപ്പിന്റെ വെബ് സൈറ്റിലൂടെയും ആവശ്യമായ അവബോധം നൽകി വരുന്നുണ്ട്.

**ബി)** സംസ്ഥാനത്ത് എത്ര പേർക്ക് ഈ വൈറസ് രോഗം ഇതിനകം സ്ഥിരീകരിച്ചുവെന്നും നിലവിൽ എത്രപേർ ആശുപത്രികളിലും വീട്ടുകളിലുമായി നിരീക്ഷണത്തിലുണ്ടെന്നും വെളിപ്പെടുത്താമോ;

**ബി)** സംസ്ഥാനത്ത് 3 പേർക്ക് മാത്രമാണ് കൊറോണ വൈറസ് രോഗം സ്ഥിരീകരിച്ചത്. 3845 പേർ അപകട സാധ്യത/നിർദ്ദിഷ്ട ക്വാറന്റൈൻ കാലയളവ് കഴിഞ്ഞതിനാൽ നിരീക്ഷണത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. നിലവിൽ (24.02.2020) ആകെ 135 പേർ ആണ് നിരീക്ഷണത്തിലുള്ളത്.

**സി)** കൊറോണ വൈറസ് ബാധ സംബന്ധിച്ച പരിശോധനയ്ക്കായി പൂനയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിനെ ആശ്രയിക്കേണ്ട സാഹചര്യമുണ്ടോയെന്ന് വ്യക്തമാക്കാമോ;

**സി)** കൊറോണ വൈറസ് രോഗം സംശയിക്കുന്നവരുടെ പരിശോധന സാമ്പിളുകൾ ആദ്യഘട്ടത്തിൽ (ഫെബ്രുവരി 2 വരെ) എറണാകുളത്ത് നിന്നും വിമാനമാർഗ്ഗം ദേശീയ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്, പൂനെയിൽ എത്തിച്ചാണ് പരിശോധന നടത്തിയിരുന്നത്. എന്നാൽ ഫെബ്രുവരി 2 മുതൽ ഈ പരിശോധനാസൗകര്യം ആലപ്പുഴയിലെ ദേശീയ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് യൂണിറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. സ്ഥിരീകരണം ആവശ്യമുള്ളവരുടെ സാമ്പിളുകൾ മാത്രമാണ് ആലപ്പുഴയിൽ നിന്നും NIV പൂനെയിലേയ്ക്ക് അയക്കുന്നത്. ഇതിപ്പോഴും തുടർന്നുവരുന്നുണ്ട്.

**ഡി)** ഇത് സംബന്ധിച്ച പരിശോധന പൂർണ്ണമായും സംസ്ഥാനത്ത് തന്നെ നടത്തുന്നതിന് എന്ത് സംവിധാനമാണ് ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

**ഡി)** കൊറോണ വൈറസ് ബാധയുണ്ടെന്ന് സംശയിക്കപ്പെടുന്ന ആളുകളുടെ മൂക്കിലേയും തൊണ്ടയിലേയും സ്രവ സാമ്പിളുകൾ, രക്ത സാമ്പിളുകൾ എന്നിവ എല്ലാ ജില്ലകളിൽ നിന്നും തീവണ്ടി മാർഗ്ഗം/കൊറിയർ മുഖേന ആലപ്പുഴയിലെ ദേശീയ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് യൂണിറ്റിലെത്തിച്ച് പരിശോധിച്ചു വരുന്നു. ഇതിന്റെ ഏകോപനം സംസ്ഥാനതല കൺട്രോൾ റൂം മുഖേന ജില്ലാതലത്തിൽ നടത്തിവരുന്നു.

**ഇ)** തിരുവനന്തപുരത്ത് സ്ഥാപിക്കുന്ന വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം എന്നത്തേക്ക് പൂർണ്ണതോതിൽ ആരംഭിക്കുവാൻ കഴിയുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ?

**ഇ)** തിരുവനന്തപുരത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

**സെക്ഷൻ ഓഫീസർ**